# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 941

20/03/2012 ൽ
മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

**ചോദ്യം**

ശ്രീ. സി.മമ്മൂട്ടി
ശ്രീ. പി.ഉബൈദുള്ള
ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ. കെ.എം.ഷാജി

(എ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011 ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് 30/04/11 ലെ ജി.ഒ (പി) 100/11/പൊ.വി നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത അദ്ധ്യായന വർഷം മുതൽ വിദ്യാഭ്യാസ നിയമം അനുശാസിക്കും വിധം എല്ലാ സ്കൂളുകളിലും 1-ാം ക്ലാസിൽ പ്രവേശനത്തിന് 6 വയസ്സ് പൂർത്തിയായിരിക്കണമെന്ന് 09/01/12 ലെ ജി.ഒ (എം.എസ്) 9/12/പൊ.വി. പ്രകാരം നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തേക്ക് 6 മാസത്തെ ഇളവ് അനുവദിച്ചിട്ടുണ്ട് കൂടാതെ (NCTE)യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഇനിമുതൽ അദ്ധ്യാപക നിയമനങ്ങൾക്ക് TET നിർബന്ധ യോഗ്യതയായി കണക്കാക്കാൻ പി.എസ്.സിയോടാവശ്യപ്പെട്ടിട്ടുണ്ട് TET യോഗ്യത പരീക്ഷ നടത്തിപ്പിനായി SCERT യെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര നിയമം അനുശാസിക്കുംവിധം 150 കുട്ടികളുള്ള പ്രൈമറി സ്കൂളുകളിലും 100 കുട്ടികളുള്ള യു.പി സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് 28/12/11 ലെ ജി.ഒ (പി) നം. 256/11/പൊ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടിയുടെ വരുമാന പരിധി നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ അധസ്ഥിത വിഭാഗത്തിൽപ്പെട്ട കുട്ടി '(a child belonging' to disadvantaged group)

സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ എന്നിവ ഏതൊക്കെയാണെന്ന് നിർവചിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

| | | | |
|---|---|---|---|
| (ബി) | എട്ടാം ക്ലാസ്സുവരെ എല്ലാ കുട്ടികൾക്കും പ്രൊമോഷൻ നൽകുന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (ബി) | വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 16 പ്രകാരവും കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 10 (10) പ്രകാരവും ഒരു കുട്ടി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതു വരെ ഒരു ക്ലാസിലും തോൽപ്പിക്കുവാനോ ക്ലാസിൽ നിന്നോ പുറത്താക്കുവാനോ പാടില്ല. എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരിനും ബാധകമാണ്. |
| (സി) | ഇതിന്റെ ഭാഗമായി പാഠപുസ്തകങ്ങൾ അവധിക്കാലത്ത് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | എങ്കിൽ എട്ടാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ; | (ഡി) | പൂർത്തിയായി വരുന്നു. |
| (ഇ) | അവയുടെ വിതരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ? | (ഇ) | അച്ചടിശാലയിൽ നിന്നും നേരിട്ട് സ്കൂൾ സൊസൈറ്റികളിൽ പുസ്തകമെത്തിയ്ക്കുന്ന രീതി തപാൽ വകുപ്പുമായി ചേർന്ന് നടത്തിവരുന്നു. തിരുവനന്തപുരം, മലപ്പുറം ജില്ലകളിലെ വിതരണം ഫെബ്രുവരി 15 ന് ആരംഭിച്ചു. ഏകദേശം 60% ന് മുകളിൽ പൂർത്തിയായി. മറ്റുജില്ലകളിലെ വിതരണവും നടന്നുവരുന്നു. 2012 ഏപ്രിൽ 15 നകം മുഴുവൻ പുസ്തകങ്ങളും വിതരണം ചെയ്യാനുതകും വിധമുള്ള പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ